## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 638 | 29.05.2019-ലെ മറുപടിയ്ക്ക്

## സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി .

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ എന്നിവ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായിരുന്ന ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ ചുമതല 2017-ൽ കായികയുവജനകാര്യ വകുപ്പ് ഏറ്റെടുത്തതിന് ശേഷം ടി സ്കൂളിലെ കായിക താരങ്ങളുടെ പരിശീലനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 21-ഓളം മികച്ച പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവ കായിക താരങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷത്തിൽ 1815 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 2160 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 2162 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>സ്പോർട്സ് സ്കൂളുകളിലെ കായിക |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്താക്കെയാണെന്ന് അറിയിക്കുമോ; | | |
| (സി) | ഇതിനായി നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; കിഫ്ബിയിൽ നിന്ന് ഇക്കാര്യത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | താരങ്ങൾക്ക് ദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനായി മേനംകുളം ആസ്ഥാനമാക്കി ജി.വി.രാജ സെന്റർ ഫോർ സ്പോർട്സ് എക്സലൻസ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്നും 56.185 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

എ. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം

തിരുവനന്തപുരം മൈലത്തെ ജി.വി.രാജാ സ്പോർട്സ് സ്കൂൾ ഏറ്റെടുത്തശേഷം പൂർത്തീകരിച്ച പദ്ധതികൾ താഴെപ്പറയുന്നു:-

1. വനിത ഹോസ്റ്റലിലെ ടോയ്ലറ്റുകളുടെ അടിയന്തിര പുനരുദ്ധാരണവും ഫുട്ബോൾ കോർട്ടിനു ചുറ്റും ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തികൾ.
2. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കമ്മീഷണിംഗ് പ്രവൃത്തി
3. ഗേൾസ് ഹോസ്റ്റലിലെ കിച്ചണിന്റെ അടിയന്തിര റിപ്പയർ വർക്ക്
4. നിലവിലെ ഫുട്ബോൾ കോർട്ടിന് ചുറ്റും മഡ്ട്രാക്ക് നിർമ്മാണം
5. ബാസ്ക്കറ്റ് ബാൾ കോർട്ട്, ഇൻഡോർ ഹാൾ എന്നിവയുടെ നവീകരണവും ഹോക്കി സ്റ്റേഡിയത്തിനുചുറ്റുമുള്ള ഓടയുടെ നിർമ്മാണം, ഫെൻസിംഗ് എന്നിവ
6. പുതിയതായി ജിം ഉപകരണങ്ങൾ സപ്ലൈ ചെയ്ത പ്രവൃത്തി.
7. ആൺകുട്ടികളുടെ ഹോസ്റ്റലിലെ ടോയ്ലറ്റുകളുടേയും, ഹെഡ്മാസ്റ്ററുടെ ക്വാർട്ടേഴ്സിന്റേയും പുനരുദ്ധാരണ പ്രവൃത്തികൾ
8. ബോയ്സ് ഹോസ്റ്റലിലെ ഇലക്ട്രിക്കൽ റിപ്പയർ വർക്ക്
9. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റൽ കെട്ടിടത്തിന്റെ നവീകരണവും ആൺകുട്ടികളുടെ ടോയ്ലറ്റുകളുടെ പുനരുദ്ധാരണവും

2018-19

1. വോളിബോൾ കോർട്ടുകളുടെ പുനരുദ്ധാരണവും നിലവാരം ഉയർത്തലും - (പിയു സ്പോർട്സ് ഫ്ളോറിംഗ് ആന്റ് ഫ്ളെഡ് ലൈറ്റ്)
2. ഫുട്ബോൾ ഗ്രൗ ിനോട് ചേർന്ന പുഴയുടെ വശത്ത് സംരക്ഷണ ഭിത്തി നിർമ്മാണം
3. സ്കൂളിലെ പബ്ലിക് അഡ്രസ്സ് സിസ്റ്റം, സി.സി.റ്റി.വി. തുടങ്ങിയ

പ്രവൃത്തികൾ

4. നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ അക്കോമഡേഷൻ സൗകര്യങ്ങൾ
5. സ്കൂളിൽ ഹെൽത്ത് ക്ലബിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്ലംബിങ് വർക്കുകൾ
6. **FIFA** ക്വാളിറ്റി സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം
7. ബയോഗ്യാസ് പ്ലാന്റിന്റേയും ഇൻസിനറേറ്ററിന്റേയും നിർമ്മാണം
8. ഇൻഡോർ കോർട്ടിൽ പോളിയൂറൈത്തെൻ (PU) സ്പോർട്സ് ഫ്ളോറിംഗ്
9. 160 കെവിഎ ജനറേറ്റർ സ്ഥാപിക്കൽ
10. ഗേൾസ് ഹോസ്റ്റലിൽ മോഡുലാർ കിച്ചൺ നിർമ്മാണം
11. ഐ.എ.എ.എഫ് 400 മീറ്റർ 6 ലൈൻ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കിന്റെ നിർമ്മാണം
12. **FIFA** നിലവാരമുള്ള ആഗോള കാറ്റഗറി ഹോക്കി ടർഫ് കോർട്ടിന്റെയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണം.

മേൽപ്പറഞ്ഞവയിൽ പ്രധാനപ്പെട്ട പ്രവൃത്തികളായ ഫുട്ബോൾ ടർഫ് നിർമ്മാണം, ഹോക്കി ടർഫ് നിർമ്മാണം, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, ഇൻഡോർ കോർട്ടിലെ PU ഫ്ളോറിംഗ്, ഗേൾസ് ഹോസ്റ്റലിൽ മോഡുലാർ കിച്ചൺ നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. ജിംനേഷ്യത്തിന്റെ ഇന്റീരിയർ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്

മറ്റു പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

ബി). കണ്ണൂർ ഡിവിഷൻ സ്പോർട്സ് ഹോസ്റ്റൽ

1. കണ്ണൂർ ഡിവിഷൻ സ്പോർട്സ് ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ കണ്ണൂർ ജില്ല നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചു

**2018-19**

1. കണ്ണൂർ ഡിവിഷൻ സ്പോർട്സ് ഹോസ്റ്റലിന്റെ ഒരുനില കെട്ടിടത്തിൽ പുതുതായി രണ്ടും, മൂന്നും നിലകളുടെ നിർമ്മാണം 95% പൂർത്തീകരിച്ചു.
2. കണ്ണൂർ ഡിവിഷൻ സ്പോർട്സ് ഹോസ്റ്റലിന്റെ ഭാഗമായ കണ്ണൂർ

ജി.വി.എച്ച്.എസ്.എസ് നിലവിലെ കോർട്ടുകളുടെ നവീകരണം 25% പൂർത്തീകരിച്ചു.

3. കണ്ണൂർ ഡിവിഷൻ സ്പോർട്സ് ഹോസ്റ്റലിന്റെ അനുബന്ധ സൗകര്യങ്ങൾക്കായുള്ള ബ്ലോക്കിന്റെ നിർമ്മാണം 5% പൂർത്തീകരിച്ചു.

S.O